©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)

## നൂറ്റിഇരുപത്തിമൂന്നാമത് റിപ്പോർട്ട്

(18-1-2021-ന് സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)

## നൂറ്റിഇരുപത്തിമൂന്നാമത് റിപ്പോർട്ട്

**കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷനെ സംബന്ധിച്ചത്**
**(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)**

374/2021.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം - 1 | | |
| സമിതിയുടെ നിഗമനങ്ങളും ശിപാർശകളും | : | 6 |
| അനുബന്ധം - 2 | | |
| ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 8 |

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

**സമിതിയുടെ ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. ദിവാകരൻ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർ ഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി  രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

## ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.12-ന്മേൽ തയ്യാറാക്കിയ 123-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28-6-2016-ാം തീയതി സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2016-2019)ന്റെ 26-9-2018-ൽ കൂടിയ സമിതി യോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-2021)-ന്റെ 11-1-2021-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിനു ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ ഗതാഗത വകുപ്പിലേയും കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷനിലേയും ഉദ്യോഗസ്ഥർക്കും സമിതി നന്ദി അറിയിക്കുന്നു.

സി. ദിവാകരൻ,
*അദ്ധ്യക്ഷൻ,*
പൊതുമേഖലാ സ്ഥാപനങ്ങളെ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2021 ജനുവരി 11.

# റിപ്പോർട്ട്

## കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷനെ സംബന്ധിച്ചത്

**ഓഡിറ്റ് ഖണ്ഡിക 3.12 (2014-15)**

**ക്രമരഹിതമായി പ്രകടനബത്ത കൊടുക്കൽ**

### സർക്കാർ ഉത്തരവ് ലംഘിച്ച് ക്രമരഹിതമായി ₹ 3.24 കോടി പ്രകടന ബത്ത കൊടുക്കൽ

1950-ലെ റോഡ് ഗതാഗത നിയമത്തിലെ 34-ാം വകുപ്പ് പ്രകാരം സംസ്ഥാന ഗവൺമെന്റിന് റിക്രൂട്ട്മെന്റ്, തൊഴിലാളികൾക്ക് കൊടുക്കുന്ന വേതനം തുടങ്ങിയ കാര്യങ്ങളിൽ റോഡ് ഗതാഗത കോർപ്പറേഷനുകൾക്ക് നിർദ്ദേശങ്ങൾ നൽകാൻ കഴിയുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ റോഡ് ഗതാഗത കോർപ്പറേഷനുകൾ ഇത്തരം നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിക്കാൻ പാടുള്ളതല്ല.

കേരള ഗവൺമെന്റിന്റെ ഗതാഗത വകുപ്പ്, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷന്റെ (കോർപ്പറേഷൻ) തൊഴിലാളികൾക്ക് 2012-2013-ഉം 2013-2014-ഉം വർഷങ്ങൾക്ക് യഥാക്രമം ₹ 2.13 കോടിയും ₹ 2.97 കോടിയും (ഫെബ്രുവരി) പ്രകടനബത്ത നൽകിയ നടപടി അംഗീകരിച്ച സമയത്ത്, ഭാവിയിൽ കേരള സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രകടനബത്ത കൊടുക്കരുതെന്ന് ഉത്തരവിട്ടിട്ടുണ്ടായിരുന്നു.

എടുത്തുപറയത്തക്ക പ്രകടനമൊന്നുമില്ലാത്ത, നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കോർപ്പറേഷൻ. ഇതിന്റെ നഷ്ടം 2008-2009-ലെ ₹117.12 കോടിയിൽ നിന്നും 2012-2013-ലെ ₹508.22 കോടിയിലേയ്ക്ക് വർദ്ധിച്ചിരുന്നു. കൂടാതെ, കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് കേരള സർക്കാർ അംഗീകരിച്ച (ഫെബ്രുവരി 2014) ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നു.

2014-2015 വർഷത്തേയ്ക്ക് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ ഉത്തരവനുസരിച്ച്, കേരളാ ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെയും പ്രകടന ബത്തയെ ഏതെങ്കിലും കാര്യമായ പ്രകടനമോ നേട്ടമോ ആയി ബന്ധിപ്പിക്കാതെയും, കോർപ്പറേഷൻ ഇതിന്റെ 29478 തൊഴിലാളികൾക്ക് ₹3.24 കോടി പ്രകടന ബത്തയായി കൊടുത്തു. തൊഴിലാളികൾക്ക് 2012-2013-ലെയും 2013-2014-ലെയും പ്രകടനബത്ത കൊടുത്തതുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റിന്റെ ചോദ്യങ്ങൾക്കുള്ള മറുപടിയായി കേരള ഗവൺമെന്റിന്റെ ധനകാര്യവകുപ്പ് പറഞ്ഞത് (ജനുവരി 2016) അവർ പ്രകടനബത്ത കൊടുക്കാൻ അനുമതി

നൽകുകയോ ഗതാഗത വകുപ്പിന്റെ നടപടി അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല എന്നാണ്. 2012-2013-ലെയും 2013-2014 ലെയും പ്രകടനബത്ത കൊടുത്തതിനെ അംഗീകരിച്ചത് മന്ത്രിസഭയാണെന്ന് പറയപ്പെട്ടു. എന്നാൽ മന്ത്രിസഭ തീരുമാനത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാൻ ഗതാഗത വകുപ്പിനോട് അപേക്ഷിച്ചുവെങ്കിലും അവർ ഇതുവരെ പ്രതികരിച്ചിട്ടില്ല (ജനുവരി 2016). കോർപ്പറേഷൻ തുടർച്ചയായി നഷ്ടം ഉണ്ടാക്കിക്കൊണ്ടിരുന്നതിനാലും കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിച്ച് കൊണ്ടിരുന്നതിനാലും പ്രകടനബത്ത കൊടുത്തതിന് നീതീകരണമില്ലായിരുന്നു. സർക്കാർ സ്വന്തം ഉത്തരവുകൾ മറികടന്നുകൊണ്ട് പ്രകടനബത്ത കൊടുത്തതിനെ അംഗീകരിച്ചതും നീതിരഹിതമായിരുന്നു.

(2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് നമ്പർ 4-ലെ ഓഡിറ്റ് ഖണ്ഡിക 3.12 മായി ബന്ധപ്പെട്ടത്)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ചർച്ചയുടെ വിശദാംശം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർക്കാർ ഉത്തരവ് ലംഘിച്ച് ₹3.24 കോടി 2014-2015 സാമ്പത്തിക വർഷത്തിൽ പ്രകടനബത്ത നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു. 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിൽ പ്രകടനബത്ത വിതരണം ചെയ്തത് പിന്നീട് ചേർന്ന കാബിനറ്റ് യോഗത്തിൽ സാധൂകരിച്ചതായും വരും വർഷങ്ങളിൽ ഇപ്രകാരം മുൻകൂർ അനുമതിയില്ലാതെ അലവൻസ് കൊടുക്കുകയാണെങ്കിൽ ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയതായും, 2016-2017-നു ശേഷം പ്രകടനബത്ത കൊടുത്തിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകി.

2012-2013, 2013-2014 എന്നീ വർഷങ്ങളിൽ തൊഴിലാളികൾക്ക് പ്രകടനബത്ത നൽകിയ കെ.എസ്.ആർ.ടി.സി-യുടെ നടപടി അംഗീകരിച്ചത് സംബന്ധിച്ച മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് ഗതാഗത വകുപ്പ് ഹാജരാക്കാത്തതെന്തുകൊണ്ടാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി, പൊതുഭരണ (എസ്.സി.) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ജി.ഒ.-യിൽ കാബിനറ്റ് തീരുമാനത്തിന്റെ നമ്പറില്ലാതെ വന്നതിനാൽ 11-4-2018-ൽ ആണ് കാബിനറ്റിൽ വച്ച് അത് സാധൂകരിച്ചതെന്നും ഭാവിയിൽ കാബിനറ്റ് അംഗീകാരമില്ലാതെ പ്രകടനബത്ത കൊടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്ന വ്യവസ്ഥയോടുകൂടിയാണ് സാധൂകരിച്ചതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിച്ചു.

2013-14-ൽ മുൻകൂർ അനുമതിയില്ലാതെ അലവൻസ് കൊടുത്ത തീരുമാനം ഇനി മുതൽ അനുമതിയില്ലാതെ അലവൻസ് കൊടുക്കരുതെന്ന നിബന്ധനയോടെയാണ് കാബിനറ്റ് അംഗീകരിച്ചതെന്നിരിക്കെ 2014-2015, 2015-2016 വർഷങ്ങളിൽ ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ തുടർന്നും പ്രകടനബത്ത അനുവദിക്കുകയും വീണ്ടും അത് മന്ത്രിസഭ ക്രമപ്പെടുത്തുകയും ചെയ്തത് ഉചിതമായില്ല എന്ന് സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത വർഷങ്ങളിലെ പ്രകടനബത്ത സർക്കാർ അംഗീകരിച്ച നടപടിയിലൂടെ നിലവിലുണ്ടായിരുന്ന ഗവൺമെന്റ് ഉത്തരവിലെ വ്യവസ്ഥകൾ തന്നെ അസാധുവാക്കപ്പെട്ടിരിക്കുകയാണെന്നും സമിതി നിരീക്ഷിച്ചു. നിലവിൽ പ്രകടനബത്ത നൽകുന്നുണ്ടോ എന്ന സമിതി ചോദ്യത്തിന് 2016-ന് ശേഷം നൽകിയിട്ടില്ല എന്നും ഇനി പ്രകടനബത്ത അനുവദിച്ചാൽ സി.എം.ഡി. യ്ക്കെതിരെ നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കെ.എസ്.ആർ.ടി.സി-യുടെ പ്രവർത്തനം നല്ല രീതിയിലല്ല മുന്നോട്ടുപോകുന്നതെന്ന് സമിതി വിലയിരുത്തി. പ്രകടനബത്ത അനുവദിച്ചതുമായി ബന്ധപ്പെട്ട ഒരു വിശദമായ റിപ്പോർട്ട് സമിതി മുൻപാകെ സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

തുടർന്ന് കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരണത്തെക്കുറിച്ചും ശമ്പള സ്കെയിലുകളെക്കുറിച്ചും സമിതി ആരാഞ്ഞു. അശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ കൈകാര്യം ചെയ്യുന്നതും മുന്നറിയിപ്പില്ലാതെ ബസ് റൂട്ടുകൾ നിർത്തലാക്കുന്നതും അടക്കമുള്ള നടപടികൾ സ്ഥാപനത്തിന്റെ സാമൂഹിക പ്രതിബദ്ധതയില്ലായ്മയാണ് സൂചിപ്പിക്കുന്നതെന്ന് സമിതി വിലയിരുത്തി. നിലവിലുള്ള ബസ്സുകൾ കൃത്യമായി സർവ്വീസ് നടത്തുന്നുണ്ടോ എന്ന് പരിശോധിക്കണമെന്നും കോർപ്പറേഷന്റെ റീജിയണൽ വർക്ക്ഷോപ്പുകളുടെ മെക്കാനിക്കൽ വിംഗും ഫിനാൻഷ്യൽ മാനേജ്മെന്റും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

1961-ലെ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് നടപ്പിലാക്കണമെന്ന് ഹൈക്കോടതി ഉത്തരവുണ്ടെങ്കിലും ചില ഡിപ്പോകളിൽ അധിക ജീവനക്കാരുള്ളപ്പോൾ തന്നെ മറ്റ് ചില സ്ഥലങ്ങളിൽ ഷെഡ്യൂളനുസരിച്ച് ഡ്യൂട്ടി ചെയ്യാൻ ജീവനക്കാരില്ലാത്ത സാഹചര്യമുണ്ടാവുകയും ഇത്തരം സ്ഥലങ്ങളിൽ രണ്ടും മൂന്നും ഡ്യൂട്ടി അധിക ആനുകൂല്യമായി കൊടുക്കുകയും ചെയ്യുന്നത് കെ.എസ്.ആർ.ടി.സി.ക്ക് അധിക സാമ്പത്തിക ബാദ്ധ്യതയും നഷ്ടവും ഉണ്ടാക്കുന്നതായി സമിതി ചൂണ്ടിക്കാട്ടി. ആവശ്യത്തിലധികം ജീവനക്കാരുള്ളപ്പോൾ എംപാനൽ ജീവനക്കാരെ വീണ്ടും നിയമിക്കുകയും അധികജീവനക്കാരെ മറ്റ് ഡിപ്പോകളിൽ വിന്യസിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് സ്ഥാപനത്തിന്റെ ഫിനാൻസ് മാനേജ്മെന്റ് കാര്യക്ഷമമല്ലാത്തതുകൊണ്ടാണെന്ന് സമിതി വിലയിരുത്തി.

ജോലിക്ക് ഹാജരാകാത്ത സ്ഥിരം ജീവനക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും 550 ജീവനക്കാരെ സർവ്വീസിൽ നിന്നും ഇതിനോടകം പിരിച്ചുവിട്ടിട്ടുണ്ടെന്നും 1894 പേർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമാക്കി.

## നിഗമനങ്ങൾ/ശിപാർശകൾ

1. സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം അർഹതയുള്ള തൊഴിലാളികൾക്ക് മാത്രമേ പെർഫോമൻസ് അലവൻസ് നൽകാൻ പാടുള്ളുവെന്നും തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി അലവൻസ്/ബോണസ് തുടങ്ങിയവ വിതരണം ചെയ്യുന്നതിന് ഭാവിയിൽ സർക്കാർ സാധൂകരണം നൽകുന്നതല്ലെന്നും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുമെന്ന് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി. ഉറപ്പുവരുത്തേണ്ടതാണെന്നുമുള്ള 3-8-2013-ലെ (കയ്യെഴുത്ത്) 77/2013/ഗതാഗതം നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ തൊഴിലാളികൾക്ക് പെർഫോമൻസ് അലവൻസ് അനുവദിച്ചു നൽകിയ നടപടി 23-2-2015-ലെ സ.ഉ. (കൈ) നമ്പർ 11/2015/ഗതാഗതം സർക്കാർ ഉത്തരവിലൂടെ സാധൂകരിച്ച് നൽകിയതായി സമിതി മനസ്സിലാക്കുന്നു.

2. സർക്കാരിന്റെ വ്യക്തമായ ഉത്തരവ് നിലനിൽക്കെ, സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി 2014-2015, 2015-16 സാമ്പത്തിക വർഷങ്ങളിലും തൊഴിലാളികൾക്ക് പെർഫോമൻസ് അലവൻസ് അനുവദിച്ചു നൽകിയതായി സമിതി ചൂണ്ടിക്കാണിച്ചു. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയും, അലവൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയും കെ.എസ്.ആർ.ടി.സി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ 2014-2015, 2015-2016 കാലഘട്ടങ്ങളിലും തൊഴിലാളികൾക്ക് പ്രകടനബത്ത അനുവദിച്ചുനൽകിയ കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടിയെ സമിതി നിശിതമായി വിമർശിക്കുന്നു.

3. 2014-15, 2015-16 വർഷങ്ങളിൽ പ്രകടനബത്ത നൽകിയ കെ.എസ്.ആർ.ടി.സി.-യുടെ നടപടി സാധൂകരിച്ചതിലൂടെ സർക്കാർ ഉത്തരവിലെ നിലവിലുള്ള വ്യവസ്ഥകൾ സർക്കാർ തന്നെ ദുർബലപ്പെടുത്തിയ നടപടിയെയും സമിതി നിശിതമായി വിമർശിക്കുന്നു.

4. ജീവനക്കാർക്ക് പ്രകടനബത്ത അനുവദിച്ച കെ.എസ്.ആർ.ടി.സി.യുടെ നടപടി അംഗീകരിച്ച മന്ത്രിസഭാ യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും നൽകിയിട്ടില്ലെന്നും, 2012-2013, 2013-2014 കാലയളവിൽ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് പ്രകടനബത്ത നൽകിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി 2012-2013, 2013-2014 കാലയളവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രകടനബത്ത അനുവദിച്ചതുമായി ബന്ധപ്പെട്ട് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

സി. ദിവാകരൻ,
*ചെയർമാൻ,*
പൊതുമേഖലാ സ്ഥാപനങ്ങളെ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2021 ജനുവരി 11.

അനുബന്ധം 1

# സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 | ഗതാഗതം | സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം അർഹതയുള്ള തൊഴിലാളികൾക്ക് മാത്രമേ പെർഫോമൻസ് അലവൻസ് നൽകാൻ പാടുള്ളൂവെന്നും തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി അലവൻസ്/ ബോണസ് തുടങ്ങിയവ വിതരണം ചെയ്യുന്നതിന് ഭാവിയിൽ സർക്കാർ സാധൂകരണം നൽകുന്നതല്ലെന്നും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുമെന്ന് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ കെ. എസ്. ആർ. ടി. സി. ഉറപ്പുവരുത്തേണ്ടതാണെന്നുമുള്ള 3-8-2013-ലെ (കയ്യെഴുത്ത്) 77/2013/ഗതാഗതം നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ തൊഴിലാളികൾക്ക് പെർഫോമൻസ് അലവൻസ് അനുവദിച്ച് നൽകിയ നടപടി 23-2-2015-ലെ സ.ഉ. (കൈ) നമ്പർ 11/2015/ഗതാഗതം സർക്കാർ ഉത്തരവിലൂടെ സാധൂകരിച്ച് നൽകിയതായി സമിതി മനസ്സിലാക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | 2 | | സർക്കാരിന്റെ വ്യക്തമായ ഉത്തരവ് നിലനിൽക്കെ, സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിലും തൊഴിലാളികൾക്ക് പെർഫോമൻസ് അലവൻസ് അനുവദിച്ച് നൽകിയതായി സമിതി ചൂണ്ടിക്കാണിച്ചു. സർക്കാരിന്റെ മുൻകൂർ അനുമതി യില്ലാതെയും, അലവൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയും കെ. എസ്. ആർ. ടി. സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്ന അവസരത്തിൽ 2014-15, 2015-2016 കാലഘട്ടങ്ങളിലും തൊഴിലാളികൾക്ക് പ്രകടനബത്ത അനുവദിച്ചുനൽകിയ കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടിയെ സമിതി നിശിതമായി വിമർശിക്കുന്നു. |
| | 3 | | 2014-2015, 2015-2016 വർഷങ്ങളിൽ പ്രകടന ബത്ത നൽകിയ കെ.എസ്.ആർ.ടി.സി.- യുടെ നടപടി സാധൂകരിച്ചതിലൂടെ സർക്കാർ ഉത്തരവിലെ നിലവിലുള്ള വ്യവസ്ഥകൾ സർക്കാർ തന്നെ ദുർബലപ്പെടുത്തിയ നടപടിയെയും സമിതി നിശിതമായി വിമർശിക്കുന്നു. |
| | 4 | | ജീവനക്കാർക്ക് പ്രകടനബത്ത അനുവദിച്ച കെ.എസ്.ആർ.ടി.സി.യുടെ നടപടി അംഗീകരിച്ച മന്ത്രിസഭാ യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും നൽകിയിട്ടില്ലെന്നും, 2012-2013, 2013-2014 കാലയളവിൽ കെ.എസ്. ആർ.ടി.സി. ജീവനക്കാർക്ക് പ്രകടനബത്ത നൽകിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി 2012-2013, 2013-2014 കാലയളവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രകടനബത്ത അനുവദിച്ചതുമായി ബന്ധപ്പെട്ട് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |